
# ചിത്രമെഴുതുന്ന ജനാലകൾ



മഞ്ജു. പി. എൻ.

# ചിത്രമെഴുതുന്ന ജനാലകൾ

മഞ്ജു. പി. എൻ.

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2018

**Chithramezhuthunna Janalakal**
Malayalam Poetry
by **Manju, P. N.**
First published: 2018

Copyright © 2018, Manju, P. N., Palakkad, Kerala
First PDF Version Published: 2018

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike licence for free download and usage.

The electronic versions were generated from the sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from the TeXLive 2017. The base font used was traditional script of Rachana, developed by K. H. Hussain, *et al.* The font used for Latin script was TeXGyre Pagella devoloped by GUST, the Polish TeX Users Group.

Cover painting: by K. A. Abijith

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# മഞ്ജു. പി. എൻ.




അധ്യാപിക, എഴുത്തുകാരി,
ജനകീയശാസ്ത്രപ്രസ്ഥാന
പ്രവർത്തക. പാലക്കാട് ജില്ലയിലെ പാട്ടൂരിലാണ് ജനനം.
ഭർത്താവ്: വിനോദ് കൃഷ്ണൻ, അധ്യാപകൻ. മകൻ: ആദിത്യൻ

വിലാസം: മഞ്ജു. പി. എൻ. സ്വപ്നം, മഞ്ഞപ്ര.

# ആമുഖം

ഇരുട്ടിലേക്ക്, പുലരിയിലേക്ക്, കാറ്റിലേക്ക്,
കടലിലേക്ക്, കിനാവിലേക്ക്,
ഈ ജനാല തുറന്നിരിക്കുന്നു.



# 1

കുരിരുട്ടിനെപ്പോലും സ്നേഹിക്കുന്ന പലപ്പോഴും
നിലാവിനെ സ്വപ്നം കാണാൻ പഠിപ്പിച്ചതിൻ പേരിൽ.

# 2

ആരുടെ നിലാവെന്നു കാറ്റു ചോദിക്കുന്നു രാത്രി,
വെള്ളമന്ദാരത്തിന്റെയിതളായ് പുഞ്ചിരിക്കുന്നു.

# 3

വിഷംനിറച്ചപാത്രത്തിൽ തുളുമ്പും വിഷാദമേ,
ചുണ്ടിനെ മറക്കുക
കണ്ണുകളടയ്ക്കുക.

# 4

പാട്ടിന്റെ പാൽക്കുടമുടഞ്ഞ നിമിഷത്തിന്റെ
ഇരുട്ടുകേറിയ കണ്ണിൽ,
വെളിച്ചം പിടയുന്നു.

# 5

നനയും നിലാവിന്റെ
തന്ത്രിയിൽത്തലോടുന്ന,
പാരിജാതപ്പൂമണം ചൂടിയൊരീറൻ കാറ്റ്.

# 6

ശലഭങ്ങളെ വരയ്ക്കാൻതുടങ്ങുമ്പോൾ,
മനസ്സ്,
പല നിറമുള്ള, പല മണമുള്ള
സ്വപ്നങ്ങളുടെയൊരുദ്യാനമാവുന്നു.

# 7

ശലഭങ്ങളുടെ രാജ്യത്തെ
വസന്തത്തോടു ചോദിക്കണം
പുലർകാലത്തെപ്പറ്റി
കുയിൽപ്പാട്ടിനെപ്പറ്റി.

# 8

ഉന്മാദിയുടെ സ്വപ്നങ്ങളിലെ
നിലാവിനോടു ചോദിക്കണം
പാരിജാതത്തെപ്പറ്റി
പ്രണയസൗരഭ്യത്തെപ്പറ്റി.

# 9

അവസാനശ്വാസംവരെയും പിടിച്ചുനിൽക്കുവാൻനോക്കി
വഴുതിവഴുതിപ്പോവും
പായൽപിടിച്ച വാക്കുകൾ.

# 10

വേദനകളെ വിവർത്തനംചെയ്യുകയാണ്
പരാജിതരുടെ നഗരത്തിലെ
ശിരസ്സഴിച്ചുവെച്ച വീടുകൾ.

# 11

ഓർമ്മയിൽ, ഒരു പിടി കണ്ണാടിച്ചില്ലുകൾ
അതിൽ, ഉടഞ്ഞ നിൻ മുഖം.

# 12

മഴയിൽക്കഴുകിക്കഴുകിത്തോർത്തു-
ന്നുണ്ടാകാശം
പ്രണയദംശനമേറ്റു നീലിച്ച ഹൃദയത്തെ.

## 13

പുൽത്തുമ്പിൽ, ഇലച്ചാർത്തിൽ വിതുമ്പി
നിൽക്കുകയാണ്
പെയ്തിട്ടും പെയ്തിട്ടും
മഴയുടെ തോരായ്മകൾ.

# 14

കണ്ടുകണ്ടുമടുത്തെന്നാകാശം പറയുന്നു;
നരച്ച നക്ഷത്രങ്ങളും
മലർന്നേ കിടക്കും സ്വപ്നമേ!

# 15

മണ്ണിൽ വീണ പൂവിന്റെ ജഡത്തെച്ചുംബിച്ചു
കരയും വണ്ടേ,
നിന്റെ പേരാണ്
പ്രണയം, പണ്ടേ .

# 16

അതേചിരി ചിരിക്കുന്ന പണ്ടേപ്പോലെ
പൊട്ടിച്ചിതറിയ ബാല്യം
പെറുക്കിക്കൂട്ടിയ മുത്തുകൾ.

# 17

വാക്കിന്റെ തോടു പൊട്ടിച്ചു പറക്കുന്ന
വസന്തമേ, കവിതേ,
കൊതിക്കുന്നു നിന്നിലൊരിതളാകുവാൻ.

# 18

ഹൃദയത്തിലമ്പേറ്റ ഇരയോട് പിടയരുതെന്ന്,
തന്റെ ക്രൗര്യത്തെ മാനിക്കണമെന്ന് ആജ്ഞാപിക്കും
വേദനയറിയാത്ത വേട്ടക്കാരൻ.

# — 19 —

നനഞ്ഞു നനഞ്ഞു പനി പിടിച്ച്
പുറത്തിറങ്ങാനാവാതെ
ജനൽക്കാഴ്ച്ചകളിലിരുന്ന് കരയുന്നു,
മഴയെ പ്രണയിച്ച കുട.

# 20

നരകകാന്താരനടുവിലും ജീവിതം
പുഞ്ചിരിക്കാനൊരു പൂവിനെ നിർത്തും.

# 21

വേനലിലും വസന്തം രചിക്കും
പൂവിതളായ്ച്ചിരിക്കുന്ന കാലം.

# 22

ജീവിതത്തിൻമുനമ്പിലെ
മുടന്തൻ സ്വപ്നമേതോ
പുഷ്പകവിമാനത്തിൽ
മഴവില്ലിനെത്തൊടും.

# 23

നഗരരാത്രി, ചീഞ്ഞ വ്രണങ്ങളിൽ
സുഗന്ധം പൂശുമ്പോൾ
വെളിച്ചം ഛർദിക്കും വിളക്കുകാലുകൾ.

# 24

തിരയെണ്ണിത്തിരയെണ്ണി
കരയിരിക്കുന്നു,
കടൽ ചിരിക്കുന്നു.

# 25

മഴ തണുത്തുവിറയ്ക്കുന്ന രാത്രിയിൽ
നീ വരച്ചനെരിപ്പോടിനുള്ളിലെ
ശലഭമൊക്കെയും നൃത്തമാടിത്തളർ-
ന്നിമകൾപൂട്ടി മയങ്ങാനൊരുങ്ങുന്നു.

# 26

വേനലിലും വസന്തം രചിക്കും
പൂവിതളായ്ച്ചിരിക്കുന്ന കാലം.

# 27

പെൻസിലെത്ര പറഞ്ഞിട്ടും
കടലാസിനു
മനസ്സിലാവുന്നേയില്ല.
വരയ്ക്കാനുള്ള ചിത്രത്തിന്റെ
രഹസ്യമത്രയും
ഒടിഞ്ഞുവീണ ആ മുനയിലാണെന്ന്.

# 28

ഇടറിയിടറിയെങ്കിലും
വസന്തത്തിന്റെ ശവകുടീരത്തിലെത്തുമെന്നും
കുയിൽപ്പാട്ട്.

# 29

പണ്ടെന്നോ കണ്ട
പേടിസ്വപ്നത്തെയോർത്തോർത്ത്
ഓരോ നിമിഷത്തിലും ഞെട്ടുന്ന
ഘടികാര സൂചി.

# 30

എനിക്കായ്
നീ നിരത്തുന്ന
നിറമുള്ള പാത്രങ്ങളിൽ
തേനിൽ മുക്കിയെടുത്തിട്ടും
കയ്പുമാറാത്ത വാക്കുകൾ.

## 31

തോർന്നതേയുള്ളൂ ഓർമ്മകൾ
ഇറയത്തു കേറി നിന്നതേയുള്ളൂ,
ഇടിവെട്ടി
പിന്നെയും മാനം
പെയ്യാനൊരുങ്ങുന്നു.

# 32

കിഴക്കു വെട്ടത്തിന്നുറവ പൊട്ടുമ്പോൾ
തൊടികളിൽ കിളിയൊച്ച പൂക്കുമ്പോൾ
വാതിലെല്ലാം തുറക്കുന്നൊരോർമ്മയിൽ
ആരുമില്ലാത്ത വീടെഴുന്നേൽക്കും.

# 33

നിന്നോടെനിക്കുള്ള സ്നേഹമറിഞ്ഞുതന്നെയാവണം
ഞാൻ നനഞ്ഞ മഴ
നിന്നിൽ പനിയായിപ്പകർന്നത്.

# 34

എങ്ങോ ചെന്നെത്തും പോലെ
തന്നിൽത്തന്നെപ്പറക്കുവാൻ
കാറ്റിനെ കാത്തിരിക്കും
ജനാലച്ചിറകുകൾ.

# 35

കരിയുംവരെയും പിടയും
വെയിൽ മുനകളിൽ കോർത്ത
പച്ചവിചാരങ്ങൾ.

# 36

കടപുഴക്കിയെറിയലാണ്
കൊടുങ്കാറ്റിന്റെ
പ്രണയം.

# 37

തീ പടരുന്ന കാനനവസന്തമേ
കാറ്റിനെ ക്ഷണിക്കുക.

## 38

വഴിനടക്കാൻ ഭയമാണ്
ഓർമകൾ
മാളങ്ങളിൽ നിന്നിറങ്ങിയിഴയുന്ന
രാത്രികളിൽ.

# — 39 —

കാക്കക്കൂട്ടിൽ
കുയിൽ സ്വപ്നങ്ങളെ
വിരിയിച്ചുകൊണ്ടേയിരിക്കും
കാലം.

# 40

ആമ്പലുകളും മത്സ്യക്കുഞ്ഞുങ്ങളും
പിടഞ്ഞു മരിക്കേ
സ്വയം അടക്കം ചെയ്യാൻ ആഗ്രഹിച്ച
വരണ്ടുവിണ്ട ആഴത്തിന്റെ ശൂന്യതയിൽ
തടാകം.

# 41

മുനയൊടിയാൻ പോവുന്ന
അമ്പുകളെ നോക്കി ചിരിക്കുന്നു
വൃക്ഷശിഖരങ്ങളിലെ
ചിലയ്ക്കുന്ന പക്ഷിശില്പങ്ങൾ.

# 42

ഒറ്റക്കൊത്തിൽ
സിരകൾ നീലിച്ചാലും
ആഞ്ഞാഞ്ഞു കൊത്തും
നിർത്താതെ .

# 43

നാറുന്ന വഴികളിൽ
കൈകളില്ലാതെ നടക്കുമ്പോൾ
വലിച്ചെറിഞ്ഞ സുഗന്ധം പരത്തുന്ന
മനസ്സ്.

# 44

നിവർത്തിപ്പിടിച്ച
കത്തിക്ക് മുൻപിൽ നിൽക്കുന്ന
ചിരിയുടെ വിചാരം
അതിന്റെ മനസ്സ്
മാറാതിരിക്കില്ലെന്നാണ്.

# 45

അടിക്കാതലക്കി
പതിയെപ്പിഴിഞ്ഞു നനവോടെന്നുമുട്ടുക്കുന്നത്
പഴകിപ്പിഞ്ഞ, ഒരേ വിചാരത്തെയാണ്.

# 46

ചുറ്റിലും പിടിച്ചുവലിക്കുന്ന
ഇരമ്പങ്ങളിൽ
മുക്കിക്കൊല്ലുമെന്ന
അലയാർക്കലിൽ
വിറച്ചു വിറച്ചേ നിൽക്കാറുണ്ട്,
ആൾക്കൂട്ടത്തിനു നടുവിൽ
ചെറുദ്വീപ്.

# 47

തുഴയെ നെഞ്ചോടുചേർത്തു
കടൽനടുവിൽ
ഉടലിൽ തിരകൾ തുളയിട്ട
തോണി.

# 48

വേപഥുവോടെയാണ്
ഓരോ ചുവടും വെയ്ക്കുക ,
മുറിവേറ്റ പാദങ്ങൾ ;
മുനയൊടിയുമോ , മുള്ള്
പിടയുമോയെന്ന്.

# 49

കൊലയാളിത്തിര
പിന്നിലുണ്ടെന്നറിയുന്നില്ല
തീരത്തെത്തിയ തിരയ്ക്കുമേൽ
ചാടിവീഴുന്ന ഒരു തിരയും.

## 50

വേർപെടാൻ വിടില്ല വേരുകൾ,
ഒളിക്കാനിടം കൊടുക്കില്ല
വെളിച്ചം
ആകാശത്തിനു കീഴെ
തനിച്ചു നിൽപ്പാണ്,
ഇലകളെല്ലാമൂർന്ന്
നഗ്നമാക്കപ്പെട്ട ആകുലതയുടെ ഉടൽ.

# 51

വിടരേണ്ടായിരുന്നു എന്ന് തന്നെ വിചാരിക്കും
പൊഴിയുംനേരം
വസന്തത്തിന്റെ അവസാനത്തെ പൂവും.

# 52

പത്തികൾ വിടർന്നാടുന്ന കാറ്റിൽ
സർപ്പ ശിഖരങ്ങളാണ്
വൃക്ഷങ്ങൾക്കൊക്കെയും.

# 53

സ്വപ്നങ്ങളിലേക്ക് ഇരച്ചു കയറുന്ന,
ഉടലാകെ കൈകാലുകളുള്ള ഭൂതമാണ്
ഇരുട്ട്.

# 54

നിലാവൊഴിഞ്ഞ പൌർണമിയിലാണ്
മരണം തമാശയെന്ന്
ചിരിച്ചു തുടങ്ങിയത്.

# — 55 —

കാത്തിരിപ്പിന്റെ
അവസാനത്തെ ഉൾപ്പിടച്ചിലും യാത്രയാവുമ്പോൾ
ഇരുട്ടും മാറാലയും തിങ്ങിയ
ആൾപ്പാർപ്പില്ലാത്ത വീടാകും
മനസ്സ്.

# 56

ഉയരങ്ങളിൽ
സ്വച്ഛമായൊഴുകിപ്പരന്ന
അതേ ജലം തന്നെയാണ്
ചിലപ്പോൾ തുളുമ്പിച്ചിരിച്ച്
താഴേക്ക്
പതഞ്ഞു ചിന്നുന്നതും
മറ്റു ചിലപ്പോൾ
തലയറഞ്ഞട്ടഹസിച്ച്
അഗാധതയിലേക്കെടുത്തു ചാടുന്നതും.

# 57

ഏകാന്തത
തീക്കനൽ വാരിയെരിയുമ്പോൾ,
തിരകളെയൊക്കെ തിരിച്ചെടുത്ത്
തീരങ്ങളിൽ നിന്നുൾവലിഞ്ഞൊരു
ചളിക്കുളമാവുന്ന എന്റെ കടൽ.

# 58

തലയിണക്കടിയിൽ നിന്നെണീറ്റ്
ചിലങ്ക കെട്ടി,
ചുറ്റിലും ചുവടുകൾ വെക്കും
മുല്ലപ്പൂ ചൂടിയ സ്വപ്നങ്ങൾ;
ഉറക്കം സിതാർ വായിക്കുമ്പോൾ.

## 59

ഒരേ പാളത്തിൽ
ഒരുമിച്ചു തല വെച്ച് കിടന്നിട്ടും
ഒരാളുടെ തലയും
മറ്റേയാളുടെ കാലും
അറ്റുപോയതെങ്ങനെയെന്ന്
കടന്നുപോയ വണ്ടിക്കേഅറിയൂ.

# 60

ഒരു പിടിവള്ളി തിരയുന്നുണ്ടായിരുന്നു
മഴയിലൊലിച്ചു പോവുമ്പോൾ;
പൂക്കളവും
ഓണമനസ്സും.

61

തണൽ തിരയാറില്ല
കാലടി പൊള്ളുന്നെന്നു പറയാറില്ല
ഉച്ചവഴികൾ.

## 62

ഇനി നാളെ എന്നു പറയാനാവാതെ
ചില്ലകൾ മുറിക്കപ്പെട്ട മരവും
കണ്ണീരുവറ്റിയ പുഴയും.

## 63

മറുപുറം വെയിലിനു വെളിപ്പെടുത്താൻ
കാത്തിരിക്കേണ്ടിവന്നു, ഇലയ്ക്ക്
പൊഴിഞ്ഞു വീഴും വരെ.

# 64

വെളിച്ചത്തിന്റെ വാതിൽ തുറന്നിട്ട്
ഉമ്മറത്ത് തന്നെ കാലുനീട്ടിയിരിക്കുമായിരുന്നു
ആ അന്തിവിളക്ക്.

# 65

വരേണ്ടായിരുന്നു എന്ന തോന്നലിലാവാം
തിരകളൊക്കെയും തിരിച്ചു പോവുന്നത്.

# 66

ഓരോ പ്രഭാതവും
ഇഴഞ്ഞിഴഞ്ഞു വരുന്നത്.
ഒതുക്കി വെച്ച പത്തിയോടെയാണ്.

# 67

തലയറ്റ തെങ്ങിന്റെ
ഓർമ്മയെ ചുംബിക്കുന്ന
മിന്നലിന്റെ പ്രണയം.

# 68

കണ്ണിൽ നിന്നടരാനാവാതെ
ഇമത്തുമ്പിൽ പിടിച്ചു നിൽക്കുന്ന
വേദനയുടെ
ഒരു തുള്ളി.

## 69

വീണുവീണെണീറ്റ്
എങ്ങോട്ടെന്നില്ലാതെ
മുഖംപൊത്തിയോട്ടം പരാജയം,
തെരുവിൽ വിവസ്ത്രമാക്കപ്പെട്ട
ഉടൽ പോലെ.

## 70

പല്ലിജന്മങ്ങളുടെ
ചതഞ്ഞ നിലവിളി
വാതിൽവിടവുകൾക്കൊരു
നേരമ്പോക്കാണ്.

## 71

മുഷിഞ്ഞ ഉടുപ്പോടെ
നാറുന്ന ഉടലുമായ്
ചിരിച്ചു കരഞ്ഞ്
പലവഴി പായുന്നത്
സ്വയം മറന്ന സ്വപ്നങ്ങളാണ്.

# 72

മായാതെ നില്ക്കും മഴവില്ല്
എന്റെ ആകാശത്തിന്റെ
അടയാളം.

# 73

മുളങ്കാടിന്റെ ചിത്രശാലയിൽ
രാത്രിയെ വരയ്ക്കുന്ന
മിന്നാമിനുങ്ങുകൾ .

# 74

മഴയിൽ, ദ്വീപിലെ
വിളക്ക് മായുന്ന
കറുത്ത വാവിന്റെ
കടലിരമ്പുന്നു.

# 75

നിലാമുറ്റത്തു
തുള്ളിക്കളിക്കുന്ന മഴക്കുട്ടികൾ.

## 76

നിലാവിന്റെ വീട്ടിലാണ്
ഇരുട്ടിനോടു പിണങ്ങിയ
രാത്രി.

# 77

കിനാവുകൾ,
വർണ്ണക്കടലാസു തുണ്ടുകൾ,
പറഞ്ഞാൽ കേൾക്കാത്ത പരാതിക്കാറ്റുകൾ .

# 78

മേഘമുരൾച്ച, കാറ്റിന്നലർച്ച
പകച്ചു നിൽക്കുന്നു,
പാതിരാച്ചന്ദ്രൻ.

## — 79 —

നിലാവിൽ , വയൽപ്പച്ചയിൽ
കവിത മൂളി നടക്കുന്നു
കാറ്റുകൾ.

## 80

വഴിയറിയാതെ
തനിച്ചുനിൽക്കുമോരോർമ
നട്ടുച്ചയെ പൊള്ളിക്കുന്നു.

# 81

ഞാനാരെന്നു ചോദിച്ച വഴിയേ,
നോക്കൂ, കാലടിയിലെ മുൾമുദ്രകൾ
നിന്റെ കൈയൊപ്പുകൾ.

# 82

വിശപ്പുകയ്ക്കും ഇരുട്ടെത്ര തിന്നിട്ടാണു
നിലാക്കടം വീട്ടാൻ
കിതയ്ക്കുന്നു രാത്രികൾ.

## 83

വേദനകൾ പിഴിഞ്ഞു നിറച്ച പാത്രമേ,
കണ്ണീർവറ്റിയ കടലാണിരമ്പുന്നതു നിന്നിൽ
മണലായ്, കൊടുങ്കാറ്റായ്.

# 84

വേരിനു തീപിടിച്ച മരമായിരുന്നു
ചുവന്നു ചുവന്നു പൂത്തത്.

# 85

ചിറകുനീർത്തിയൊരന്തി മേഘത്തിന്റെ
-യുന്മാദത്തിൽ നിന്നൂർന്നൊരു
ളുവൽകടൽ ചുവപ്പിക്കുന്നു.

# 86

രാത്രിയുടെ വായനശാലയൊരു
നക്ഷത്രക്കടൽ
തീരത്തിരുന്നുറക്കം മറക്കുന്നു,
സ്വപ്നങ്ങൾ.

# 87

പരസ്പരം കാണാത്ത പ്രണയികളുടെ ചിത്രം
വരച്ചുകൊണ്ടിരിക്കുംവാതിലുകളില്ലാത്ത
വീടിന്റെഅകം, പുറങ്ങൾ.

# 88

ക്യാൻവാസിൽ നിന്നും
ക്യാൻസർവാർഡിലേയ്ക്ക് കയറിപ്പോവുന്ന
നിറങ്ങളെക്കുടഞ്ഞെറിഞ്ഞൊരു ചിത്രം.

# 89

ചിത്രത്തിലെ പക്ഷി, ചിറകിട്ടടിക്കുന്നു
ജനലഴിയിൽച്ചെന്നിരിക്കുന്നു
ചിറകിൽനിന്നൊരു തൂവൽ കൊത്തിപ്പറിച്ചിട്ടു
പിന്നെയും ചിത്രമാവുന്നു.

## 90

നീ കപ്പലായതിൽപ്പിന്നെയാണ്
ഞാൻ
തുറമുഖങ്ങളിലേയ്ക്ക് കണ്ണുനട്ടിരിക്കുന്ന കടലായത്.

# 91

വംശവൃക്ഷത്തിൻ പുരാതനമൊരു കൊമ്പിൽ
കൊക്കുരുമ്മിയിരിക്കുന്നു
പ്രണയപിതാമഹർ.

## 92

ഉമ്മകൾ പൂക്കുന്ന മരമാവണം
നീ, ഞാനാപ്പൂമണം ചൂടുന്ന കാറ്റും.

# 93

വച്ചു മാറാനൊരു പാത്രം തിരയുന്നു
വക്കു പൊട്ടിയ സങ്കടം.

# 94

തീരത്തിനറിയില്ല
കടലിന്റെയഗാധത
നേരമ്പോക്കുകൾ മാത്രം
നോവിന്റെ തിരമാലകൾ.

# 95

എവിടേയ്ക്കെന്നില്ലാതെ
തല കുനിച്ചു നടന്നു പോവും
നിശ്ശബ്ദതയുടെ നിഴലുകൾ
ആർക്കും വേണ്ടാത്ത സങ്കടങ്ങൾ.

# 96

മനസ്സേ,
മാഞ്ഞു പോയ മഴവില്ലിനെ മറക്കുക
പെയ്തു തോരും മഴയുടെ സങ്കടം പോലാവുക.

# 97

വേനലും കുളിരാർന്നു നില്ക്കും
കരിമ്പടം തിരയും
വെറുമൊരോർമ്മ
ജനലിലൂടെ വന്നെത്തിനോക്കുമ്പോൾ.

## 98

വേദന അതിന്റെ അപാരതയിൽ
മുറിവിനെയും ആഴത്തെയും മറക്കും,
നിലവിളിയൊരു ചിരി മാത്രമാവും.

# 99

ഇരുട്ടുവന്നു കുഴിച്ചുമൂടുമെന്ന്
പേടിച്ചു വിറയ്ക്കുന്നു,
അസ്തമിച്ച സൂര്യന്റെ ആകാശച്ചുവപ്പ്.

# 100

വിഷാദത്തിന്റെ ചില്ലയിൽ കൂടുകൂട്ടിയ പക്ഷി
പിരിഞ്ഞു പോയൊരു പാട്ടിന്റെ
കൊക്കുരുമ്മിയിരിക്കുന്നു.

# 101

ഒരു നിലാത്തുള്ളി നെറുകിൽ വീണപ്പോൾ,
രാത്രി
ഉയിരാകെ കുളിർന്നൊരു സ്വപ്നം പോൽ
കൺചിമ്മുന്നു.

## 102

കാറ്റിനെ കൊമ്പിൽക്കോർത്ത്
തുമ്പിയിൽ കടൽച്ചുഴറ്റി
മദമിളകിയ മഴയുടെ, ചിന്നം -
വിളിയിൽ നടുങ്ങുന്നൂ ഭൂമി.

# 103

മാനത്തൊരറ്റത്തു് നിൽക്കയാണൊറ്റയ്ക്കു്,
പേടിച്ചരണ്ടു പാവം
കാറ്റൊന്നു മെല്ലെ നെറുകിൽത്തൊടുമ്പൊഴേ
കൺതുളുമ്പുന്ന മേഘം.

# 104

തൊട്ടുതൊട്ടില്ലെന്നെത്തി പൊട്ടിവീഴുമ്പോൾ,
പട്ടം പറയും, നക്ഷത്രത്തോടിത്തിരിക്കുളടിക്കാക്കാൻ.

# 105

നീ കപ്പലായതിൽപ്പിന്നെയാണ്
ഞാൻ
തുറമുഖങ്ങളിലേയ്ക്കു കണ്ണുനട്ടിരിക്കുന്ന
കടലായത്.

# 106

എവിടേയ്ക്കെന്നില്ലാതെ
തല കുനിച്ചു നടന്നു പോവും
നിശ്ശബ്ദതയുടെ നിഴലുകൾ
ആർക്കും വേണ്ടാത്ത സങ്കടങ്ങൾ.

# 107

അവസാനത്തെ സ്റ്റോപ്പിലും നിർത്താതെ
പാഞ്ഞുപോവുമീ വണ്ടിയിൽ
യാത്രികർ
കിന്നരിത്തൊപ്പിവെച്ച കിനാവുകൾ
സ്വപ്നദംശനമേറ്റ ശലഭങ്ങൾ.

# 108

രാത്രിവണ്ടിയിൽ നീ കയറുമ്പോൾ
കൊടുങ്കാറ്റു വന്നപോലാകെയുലയുന്നു,
മഞ്ഞുമൂടിയൊരേകാന്തതയുടെ
ചില്ലുകൂട്ടിലെ മങ്ങിയ വെട്ടം.

## 109

തീരത്തിനറിയില്ല
കടലിന്റെയഗാധത
നേരമ്പോക്കുകൾ മാത്രം,
നോവിന്റെ തിരമാലകൾ.

## 110

പടിചാരി, പകൽപോയി മൂളി നടന്നൊരു-
പാട്ടും പറന്നു പോയി
കാത്തിരിപ്പിന്റെ
ഞാൺ പൊട്ടുന്നു
മാനത്തെ മഴവില്ലഴിഞ്ഞു വീഴുന്നു.

# 111

മറവി മഷിപടർന്നൊരു ഭൂപടമാണ്,
കരയൊക്കെയും വിഴുങ്ങിയ കടൽ.

# 112

ഉറക്കമില്ലാതൊരുമഴയങ്ങനെരസിച്ചിരിക്കുന്നു
നനഞ്ഞുനനഞ്ഞ രാത്രി
ചൂളംവിളിച്ചു പായുന്നു.

# 113

കനലിൽച്ചവിട്ടിയാൽ കാലുപൊള്ളില്ല
കത്തിമുനയിൽ കോർത്തെന്നാലും
ഹൃദയം പിടയില്ല,
കാരിരുമ്പു പോലുള്ളിലുരുകിത്തിളയ്ക്കുന്ന മൗനത്തിൽ
തന്നെത്തന്നെ വാർത്തെടുക്കുന്നു ശില്പി.

# 114

ആരോടുമൊന്നുംപറയാതിറങ്ങി
പാതിരാവിൽ
മടുത്തുപോയ കഥയിൽനിന്നടർന്നൊരേട്.

## 115

കുമിഞ്ഞുകൂടിയൊരിരുളിൻ കൂട്ടിൽ
കാറ്റുകൾ പിടയുമ്പോൾ
ചിറകുകൾ കത്തും കിളികൾ വാനിൽ
പറന്നു പൊങ്ങുന്നു.

## 116

കാറ്റുമൂളും പാട്ടിനുണ്ട്
പാരിജാതപ്പൂമണം
പുഞ്ചിരിക്കും നിലാവിന്റെ
ചുണ്ടിലാമ്പൽപ്പൂമ്പൊടി.

# 117

മഴവില്ലിന്റെ
വർണനൂലുകൾ നെയ്തെടുക്കയാണ്
വഴിവരമ്പിൽ, മുക്കുറ്റിക്കുടക്കീഴിൽ
മഴ നോക്കിനിൽക്കെയൊ-
രേകാന്തസ്വപ്നം.

# 118

ഒരുപക്ഷേ,
കൂടുതൽ അറിയുക ചെരുപ്പിനാണ്,
ജീവിതം യാത്രയാണെന്നും
ഓരോ നിമിഷവും തേഞ്ഞുതീരുകയാണെന്നും.

## 119

ഉള്ളുരുകിയാണ്
വെയിൽ വരയ്ക്കുന്നത്
തണലൊരുക്കുവാൻ
നിഴൽച്ചിത്രങ്ങൾ.

# 120

പുൽവഴിയെന്നോ
മുൾപ്പാതയെന്നോ
നോക്കാനില്ല,
ഒരേ സമയം
ഇരയായും വേട്ടക്കാരനായും
പായുന്ന മനസ്സിന്.

# 121

വീണ്ടുമൊരു യാത്രകയ്ക്കൊരുങ്ങിയതാണ്
പക്ഷേ,
ഊരിവെച്ച ചെരുപ്പ്
പാകമായ മറ്റേതോ പാദങ്ങളിൽക്കയറി,
എങ്ങോട്ടോ
പോയിരിക്കുന്നു.

# 122

നിലാമുട്ടകൾ വിരിഞ്ഞ്
പറന്ന് പോവുമ്പോൾ
അടയിരുന്ന പക്ഷി
ഇരുട്ടിന്റെ കൂട്ടിൽ
തനിച്ചിരുന്ന്
വിശപ്പ് തിന്നുന്നു.

## 123

നെടുവീർപ്പുകൾക്കിടയിലെ കടൽ
തിരകളെ മുക്കിക്കൊല്ലുകയും
തോണികളെയും കപ്പലുകളെയും
മറിച്ചിടുകയും ചെയ്യുമ്പോൾ
നിശ്ശബ്ദത
തീരത്ത് മുഖം പൊത്തിയിരിക്കുന്നു.

## 124

ആകാശം
കണ്ണിൽ നിറഞ്ഞ്
ഒഴുകുമ്പോൾ,
കൊക്കുകളാൽ തൂവലൊതുക്കുന്ന
ഒറ്റച്ചിറകുള്ള പക്ഷി.

## 125

ഉറക്കത്തിലെ സ്വപ്നത്തെ
ഞെട്ടിയുണർന്ന തിരയുമ്പോലെ
മഴ ചുറ്റിലും തേടി നടന്നു
ഒരിക്കൽ മാത്രം വാരിപ്പുണർന്ന
മണൽശില്പത്തെ.

# 126

ചുറ്റിലുമുള്ള വാതിലോരോന്നും
ആദ്യമായ് തുറന്നപ്പോൾ
ചിരിയും തിരയുമായി
എല്ലാ വാതില്ക്കലും
ഒരേ കടൽ കണ്ട്
വിസ്മിതമായി ദ്വീപ്.

# 127

നക്ഷത്രങ്ങൾ രക്തസാക്ഷികൾ.
നിലാവിന്റെ പോർക്കളത്തിൽ
അവരെത്തിരയും മിന്നാമിനുങ്ങുകൾ,
പ്രണയികൾ.

# 128

പൂ ചൂടി നില്ക്കാൻ ,
കിളിത്തൊട്ടിലാട്ടാൻ പറയുന്ന
ചിലച്ചു ചുവക്കുന്ന പ്രഭാതവും
ചിറകു വിടർത്തുന്ന ആകാശവും,
വേനലാണ്,
വേരുണങ്ങിയ മരമാണ്,
എന്നിട്ടും.

## 129

നേരത്തെ വന്നാലും കുറ്റം,
നേരം തെറ്റി വന്നാലും കുറ്റം ,
ഉറക്കത്തെ പുറത്താക്കി
പടിയടയ്ക്കും രാത്രി.

# 130

ഏകാന്ത യാത്രകളുടെ
ജനൽ സീറ്റുകളാണ്
മഴക്കും തൊണ്ട വരളുമെന്നും
തീയും ഉടൽ പൊള്ളി പിടയുമെന്നും
കാണിച്ചു തന്നത്.

# 131

സ്വപ്നമേതുമില്ലാത്ത ഉറക്കം പോലെയാണ്
വേണ്ടെന്നു വെക്കാനാവാത്ത
വരണ്ട യാത്രകൾ.

# 132

വേരുകൾ
ഇരുട്ടിനെ തുരന്നു കൊണ്ടിരിക്കുന്നു
ഇലപ്പച്ചയും പൂനിറങ്ങളും
മഞ്ഞിൽ കുതിരുമ്പോൾ
നിലാവിൽ കുളിക്കുമ്പോൾ.

# 133

ഇപ്പോൾ വീണേക്കുമെന്ന നിൽപ്പിലും,
ചിരി തന്നെയാണ് കണ്ണിൽ
ഇലത്തുമ്പിലെ തുള്ളിക്ക്.

134

വെളിച്ചത്തിലേയ്ക്കു വരാനാവാതെ ചിലതുണ്ട്
അഗാധതയിലെ കടൽ പോലെ.

## 135

കാറ്റിൽ പറക്കുന്ന
കീറിപ്പറിഞ്ഞ കടലാസ് പോലെ
വായിച്ചെടുക്കാൻപറ്റാത്ത വിചാരങ്ങൾ.

## 136

ഓരോ രുചികളായ്
ഒരുങ്ങിയെത്തുന്നത്
അടുപ്പിനെക്കാൾ അകംവെന്ത
വിചാരങ്ങളാണ്.

## 137

സൂചിമുനയുടെ നേർത്ത സ്പർശം മതി
ചോരയും ചലവും വാർന്ന്
സ്വസ്ഥമാവും
വിങ്ങി വിങ്ങി നില്ക്കുന്ന ഓർമ്മകൾ.

## 138

ഓണം വന്നോ - തുമ്പ ചോദിച്ചു
ആർക്കറിയാം - തുമ്പി പറഞ്ഞു
വന്നാലെന്ത് വന്നില്ലെങ്കിലെന്ത്
ഒന്നിനുമേലൊന്നായി
മാനം മുറ്റത്തിട്ടുകൊണ്ടിരുന്നു
മഴപ്പൂക്കളം!

# 139

നീയും ഞാനുമില്ലാത്ത ലോകം
വിളമ്പിവെച്ച ചോറിനു മുന്നിൽ
വിശപ്പിനെ മറന്നുവെക്കില്ല
ഉറക്കത്തിനു നേർക്ക് തിരകളുതിർത്ത്
രാത്രിയെ കലാപഭൂമിയാക്കുകയുമില്ല.

# 140

സ്വപ്നങ്ങളൊക്കെ
ഉറക്കത്തിലാണ്ട് കിടക്കുമ്പോൾ ,
ശവമേ! എന്ന ഉൾവിളിയിലുണർന്ന്
അരണ്ട റാന്തൽ വെട്ടവുമായി
ഭൂതവഴികളിലൂടെ
എവിടെക്കെന്നില്ലാതെ നടന്നു തുടങ്ങും
മരിച്ച മനുഷ്യൻ!

# 141

ചില ദിവസങ്ങൾക്ക് നേരമ്പോക്കാണ്-
മനസ്സിനെ
കൊടുംകാട്ടിലേക്ക് വലിച്ചെറിഞ്ഞ്
ഹിംസ്രജന്തുക്കൽക്കു
കൊല്ലാനും തിന്നാനും ഇട്ടുകൊടുക്കുന്നതു,
അൽപ ജീവനോടെ
തിരിച്ചെടുക്കുന്നത്.

# 142

മുറിവുകൾക്കറിയില്ല
മുള്ള്, മുനയെ
എത്ര പഴിക്കുന്നുണ്ടെന്ന്.

## 143

മഴവിൽമുത്തുകൾ ചിതറി
നനഞ്ഞ സ്വപ്നങ്ങൾ
ചിറകു കുടഞ്ഞപ്പോൾ.

# 144

തേൻ നുകരുമോർമ്മയിൽ
ശലഭം പറക്കുന്നു
ഒരു പൂവും വിരിയാത്ത
വസന്തത്തിന്റെ ഇടനാഴികളിലൂടെ,
ചിറകുകൾ, കൊക്കാൽ കൊത്തിമുറിച്ച കിളി
പിടഞ്ഞു വീഴുമ്പോൾ
ചിരിക്കുന്ന ആകാശത്തിന്
ഭ്രാന്താണ്.

# 145

പിടച്ചിൽപോലുമീണമാക്കി.
തൊണ്ടയിൽ പാട്ടുകുരുങ്ങിമരിച്ച
പുല്ലാങ്കുഴൽ.

# 146

ഏറുകൊണ്ട പട്ടിയെപ്പോലെ
രാത്രിയുടെ ഇടവഴികളിലൂടെ
ഉറക്കം ഞെട്ടിയ ഓർമ്മകൾ.

## 147

ചരടു പൊട്ടിയ പട്ടമേ!
നിന്റെ ആകാശമാണ്
എന്റെ സ്വപ്നങ്ങളിൽ.

## 148

ചിറകു വന്നു
പറന്നുപോയ് മുട്ടകൾ
കൂടിന്റെ സ്വപ്നങ്ങൾ .

# 149

ചോര പെയ്യുന്ന മുറ്റത്ത്
ഇറയത്ത്,
വായ പൊത്തിയിരിക്കുന്ന
വാക്കുകൾ.

## 150

ശിഖരങ്ങളൊക്കെ
ഉണങ്ങിയെന്നാലും
തളിർത്തും പൂത്തും നില്ക്കുന്നു
മനസ്സ്
ഒരു ചിറകടിക്കായ്
കാതോർക്കുന്നു.

# 151

പിന്നോട്ടു പിന്നോട്ടൊഴുകി
മലകയറുന്ന പുഴ
തമ്മിൽത്തമ്മിൽ
നോക്കുന്ന തീരങ്ങൾ
എന്തിനെന്നറിയാതെ.

## 152

ചിരിച്ച കൈ നീട്ടി
സ്വയം പരിചയപ്പെടുത്താറുണ്ട്
യാത്രയുടെ മനസ്സെന്ന്
ചില വഴികൾ.

# 153

വിരൽത്തുമ്പിൽ
സുഗന്ധമണിയിച്ച്, പൂവ്
ഒന്ന് തലോടിയതിന്.

# 154

ഇറങ്ങിപ്പോവുന്ന സൂര്യൻ
ഒന്നു നോക്കാതെ
ഒന്നും പറയാതെ
പകലിന്റെ പടിക്കൽ
കണ്ണു കലങ്ങിയ സന്ധ്യ.

# 155

സങ്കടങ്ങളുടെ വിലാസം തേടിപ്പോയ
ഓർമ്മകൾ വഴി തെറ്റി തിരിച്ചു വന്നപ്പോഴാണ്
വിളക്കിന്റെ തിരിച്ചുണ്ടിൽ
വെളിച്ചം വിരിഞ്ഞത്.

# 156

വേനലും കുളിരാർന്നു നിൽക്കും
കരിമ്പടം തിരയും
വെറുമൊരോർമ്മ
ജനലിലൂടെ വന്നെത്തിനോക്കുമ്പോൾ.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA